LIBRARY ARCHIVES Kerala Legislative Assembly

താമരശ്ശേരി ഗവൺമെന്റ് ആശുപത്രിയുടെ അധികാര പരിധി നിർണ്ണയിക്കാത്തതു മൂലമുള്ള ബുദ്ധിമുട്ട്

170 [1646] ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി ഗവൺമെന്റ് ആശുപത്രി സി.എച്ച്.സി. ആയി പ്രഖ്യാപിച്ചിട്ട് ആയതിന്റെ അധികാര പരിധി നിർണ്ണയിക്കാത്തതുമൂലമുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) താമരശ്ശേരിയിലും സമീപ പഞ്ചായത്തുകളിലും ജോലി ചെയ്യുന്ന ഫീൽഡ് സ്റ്റാഫ് ഇപ്പോഴും നരിക്കുനി സി.എച്ച്.സി-യുടെ കീഴിലായതുമൂലമുള്ള ബുദ്ധിമുട്ട് പരിഹരിക്കാൻ അടിയന്തിരമായി നടപടി സ്വീകരിക്കുമോ;

(സി) ഇതു സംബന്ധിച്ച് ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുമോ?

ഉത്തരം

(എ) ഭരണപരമായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉചിതമായ നടപടി സ്വീകരിച്ചുവരുന്നു.

(സി) ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർക്ക് ആരോഗ്യവകുപ്പ് ഡയറക്ടർ വേണ്ട നിർദ്ദേശം നൽകുന്നതാണ്.

കാൻസർ രോഗികളുടെ എണ്ണവും ചികിത്സാ സൗകര്യവും

171 [1647] ശ്രീ. ജോർജ്ജ് ജെ. മാത്യു :
,, കെ. എ. ചന്ദ്രൻ :
,, ടി. വി. ചന്ദ്രമോഹൻ :
,, വർക്കല കഹാർ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കാൻസർ രോഗികളുണ്ട്;

(ബി) പ്രതിവർഷം എത്രപേർ കാൻസർ രോഗികളാകുന്നുണ്ട്;

(സി) കാൻസർ രോഗ ചികിത്സക്കുള്ള ആധുനികോപകരണ സൗകര്യങ്ങളോടുകൂടിയ എത്ര ഗവൺമെന്റ് ആശുപത്രികൾ സംസ്ഥാനത്ത് ഉണ്ട്;

(ഡി) ഈ ആശുപത്രികളിൽ എല്ലാ രോഗികൾക്കും സൗജന്യ ചികിത്സ ലഭ്യമാണോ;

(ഇ) പ്രസ്തുത ആശുപത്രികളിലെ രോഗികൾക്ക് സൗജന്യ ചികിത്സ നൽകുന്നതിന് പ്രതിവർഷം എന്ത് ചെലവുവരും എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 75000-നും ഒരു ലക്ഷത്തിനുമിടയിൽ കാൻസർ രോഗികളുണ്ടെന്ന് കണക്കാക്കപ്പെടുന്നു.

(ബി) വർഷംതോറും ഏകദേശം 30,000 പേർക്ക് പുതുതായി കാൻസർ ബാധ ഉണ്ടാകുന്നതായാണ് കണക്കാക്കപ്പെടുന്നത്.

(സി) കാൻസർ രോഗ ചികിത്സക്കായുള്ള ആധുനിക ഉപകരണ സൗകര്യങ്ങളോടുകൂടി 6 ഗവൺമെന്റ് ആശുപത്രികളും ഒരു സ്വയംഭരണ സ്ഥാപനമായ റീജിയണൽ കാൻസർ സെന്ററും സംസ്ഥാനത്ത് നിലവിൽ ഉണ്ട്. തിരുവനന്തപുരം കോഴിക്കോട്, ആലപ്പുഴ, തൃശ്ശൂർ, കോട്ടയം എന്നീ ജില്ലകളിലുമുള്ള മെഡിക്കൽ കോളേജ് ആശുപത്രികളും, എറണാകുളം ജനറൽ ആശുപത്രിയും കാൻസർ രോഗ ചികിത്സക്കായുള്ള ആധുനികോപകരണ സൗകര്യങ്ങളോടുകൂടിയ ഗവൺമെന്റ് ആശുപത്രികൾ ആണ്.

(ഡി) മേൽപ്പറഞ്ഞ എല്ലാ ഗവ. ആശുപത്രികളിലും രോഗികൾക്ക് സൗജന്യ ചികിത്സ ലഭ്യമാണ്. കൂടാതെ ആർ.സി.സി.-യിൽ ചികിത്സക്കായി എത്തുന്ന ഏകദേശം 50 ശതമാനത്തോളം പേർക്ക് അർഹതയുടെ അടിസ്ഥാനത്തിൽ സൗജന്യ ചികിത്സ ലഭ്യമാക്കുന്നുണ്ട്.

(ഇ) ആർ.സി.സി.-യിൽ രോഗികൾക്ക് ഇപ്പോൾ നൽകിവരുന്ന സൗജന്യ ചികിത്സക്ക് 10 കോടി രൂപ ചെലവുവരും. ആർ.സി.സി.-യിൽ ഇപ്പോൾ സൗജന്യ ചികിത്സ ലഭ്യമല്ലാത്ത രോഗികൾക്കുകൂടി സൗജന്യം ലഭ്യമാക്കുന്നതിന് 15 കോടി രൂപ കൂടി അധികം വേണ്ടിവരുമെന്നാണ് കണക്കാക്കപ്പെടുന്നത്. മറ്റു ആശുപത്രികളിൽ നിന്ന് വിവരം ശേഖരിച്ചതിനുശേഷം മാത്രമേ ഇതിലേക്ക് വരുന്ന ചെലവ് കണക്കാക്കുവാൻ കഴിയുകയുള്ളു.

ആശുപത്രികളിലെത്തിയ രോഗികളുടെ എണ്ണം

172 [1648] ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ സർക്കാർ മേഖലയിൽ ഓരോ ക്ളിനിക്കൽ വിഭാഗത്തിലും എത്തിയ രോഗികളുടെ എണ്ണം രോഗത്തിന്റെ പേര് എന്നിവ ജില്ല തിരിച്ച് ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly